**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 84** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഓട്ടോറിക്ഷ ഡ്രൈവർമാർക്കുള്ള സഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പെട്രോൾ വില വർദ്ധനവ് മൂലം പ്രയാസം അനുഭവിക്കുന്ന ഓട്ടോറിക്ഷ ഡ്രൈവർമാരെ സഹായിക്കുന്നതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ഇന്ധന വിലയിലുണ്ടാകുന്ന വർദ്ധനവ് സംസ്ഥാനത്തെ ഗതാഗത രംഗത്ത് വലിയ പ്രതിസന്ധി സൃഷ്ടിക്കുവാൻ ഇടയായിട്ടുണ്ട്. ഇന്ധന വില വർദ്ധനവിന്റെ ഏറ്റവും വലിയ ഇരയായിതീർന്നിട്ടുള്ള വിഭാഗത്തിലാണ് ഓട്ടോറിക്ഷ തൊഴിലാളികൾ വരുന്നത്. കോവിഡിനോട് അനുബന്ധിച്ച് ഏർപ്പെടുത്തിയ അനിവാര്യമായ ലോക്ക്ഡൗൺ ടി തൊഴിലാളികൾക്ക് വലിയ പ്രയാസം വരുത്തിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസം എന്ന നിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2020-ൽ ഒട്ടേറെ ധനസഹായങ്ങൾ അനുവദിച്ചു നൽകിയിരുന്നു. ആദ്യ ഘട്ടത്തിൽ ഓട്ടോറിക്ഷാ, തൊഴിലാളികൾക്ക് 2000/- രൂപ വീതവും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1000/- രൂപ വീതവും, മൂന്നാം ഘട്ട ധനസഹായമെന്ന നിലയിൽ 1000/- രൂപ വീതവും ബോർഡിന്റെ അടിയന്തര ധനസഹായമായി അനുവദിച്ച് നൽകിയിരുന്നു. ഇത്തരത്തിൽ ഓട്ടോറിക്ഷാ തൊഴിലാളികൾ ഉൾപ്പെടെ, മോട്ടോർ തൊഴിലാളികളെ മുഴുവനായി പരിഗണിക്കുമ്പോൾ ഈ കാലയളവിൽ ആനുകൂല്യവും പെൻഷനും ഇനത്തിൽ 40,37,42,886/- രൂപയും കോവിഡ് ധനസഹായമായി മൂന്ന് ഘട്ടങ്ങളിലായി 51,56,27,500/-രൂപയും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിരുന്നു. കൂടാതെ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി/കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി/കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നീ |

| | | | |
|---|---|---|---|
| | | | പദ്ധതികളിൽ അംഗങ്ങൾ ആയ ഉടമ/ തൊഴിലാളികൾക്ക്, 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിലെ ഉടമ/ തൊഴിലാളി അംശാദായം (ഏകദേശം 300 കോടി രൂപ) സർക്കാർ ഉത്തരവിൻ പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട് . കൂടാതെ താല്പര്യമുള്ള ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് കുറഞ്ഞവിലയിൽ ഇ എം സി ഇലക്ട്രിക് ഓട്ടോറിക്ഷ നൽകുന്നതിന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് സബ്സിഡിയറി ആയ കൺവർജൻസ് എനർജി സർവീസസ് ലിമിറ്റഡുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള പദ്ധതി  വിഭാവനം ചെയ്തുവരുന്നു. |
| (ബി) | പെട്രോൾ, ഡീസൽ ഓട്ടോകൾക്ക് പകരം വൈദ്യുതി ഉപയോഗിച്ച് ഓടുന്ന വാഹനങ്ങൾ വാങ്ങുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ബി) | താല്പര്യമുള്ള ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് കുറഞ്ഞ വിലയിൽ ഇ എം സി ഇലക്ട്രിക് ഓട്ടോറിക്ഷ നൽകുന്നതിന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് സബ്സിഡിയറി ആയ കൺവർജൻസ് എനർജി സർവീസസ് ലിമിറ്റഡുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തുവരുന്നു. വൈദ്യുതി ഉപയോഗിച്ച് ഓടിക്കുന്ന ഓട്ടോറിക്ഷകൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ച് വർഷത്തെ നികുതി 22.04.2020-ലെ GO(P)21/2021/TRANS. പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരം വാഹനങ്ങളെ പെർമിറ്റ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് . 10.03.2019-ലെ GO(MS) 24/2019/Transനമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ള ഇലക്ട്രിക്ക് വാഹന നയം അനുസരിച്ച് ഇലക്ട്രിക്ക് ഓട്ടോറിക്ഷക്ക് അവയുടെ വിലയുടെ 25% അഥവാ 30000/- രൂപ സബ്സിഡിയായി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ